# ഇലന്തൂർ ഗ്രാമപഞ്ചായത്ത് ബജറ്റ് 2022-23

അധികാര വികേന്ദ്രീകരണത്തിന്റെ നട്ടെല്ലായ പഞ്ചവത്സര പദ്ധതിയുടെ 2022-23 വർഷത്തെ പദ്ധതിരൂപീകരണ നടപടികൾ അന്തിമമാകാതെയുള്ള വേളയിലാണ് 2022-23 വർഷത്തെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. അതു കൊണ്ടു തന്നെ വികസനോന്മുഖമായ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വരാനിരിക്കുന്ന പദ്ധതിയിൽകൂടി നാം ഉൾപ്പെടുത്തേണ്ടതുണ്ട്.

**കാഴ്ച്ചപ്പാട്.**

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 168 -ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ 27 അനിവാര്യ ചുമതലകളും പൊതു ചുമതലകളും പഞ്ചായത്തിൽ നിക്ഷിപ്തമായതിനെ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഉതകുന്ന രീതിയിൽ രൂപ കൽപ്പന ചെയ്ത ബജറ്റിന്റെ പൊതുവായ മുഖം വികസനത്തിന്റേതാണ്.

**ധനസ്രോതസ്സും മുൻഗണനാ വിഷയങ്ങളും.**

വസ്തു നികുതി , തൊഴിൽ നികുതി , വാടക ,ലൈസൻസ് ഫീസ് എന്നിവയോടൊപ്പം സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഗ്രാന്റുകളും പരിഗണിച്ച്, ടി തുക പൂർണ്ണമായും പൊതുജനങ്ങളുടെ ക്ഷേമത്തിനും, വികസനത്തിനും വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്.

ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലന്തൂർ ഖാദിഭവനുമായി ചേർന്ന് **ഖാദി ഗ്രാമ വ്യവസായം** എന്ന പദ്ധതിയിൽ കൂടി എല്ലാ വാർഡിലെയും ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയും, ചർക്കയും തറിയും വിതരണം ചെയ്ത്, ആയത് ഒരു വരുമാന മാർഗ്ഗമായി വികസിപ്പിക്കുന്നതിനും വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉൾപ്പടെ പദ്ധതി വിഭാവന ചെയ്യുന്നതാണ്.

സമഗ്രമായ കായിക വികസനം മുൻനിർത്തി എം എൽ എ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പുരോഗമിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിൽ സുസ്ഥിര വികസനത്തിനും തനത് ഫണ്ട് വർദ്ധനവിനുമായി തുടർ പ്രവർത്തനങ്ങൾ ചെയ്ത് ആയത് പൊതുജനങ്ങൾക്ക് എത്രയും വേഗം അനുഭവ വേദ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.ആയതിന്റെ ഭാഗമായി സ്റ്റേഡിയത്തിലെ ഓപ്പൺ സ്റ്റേജ് നവീകരണത്തിന് 10 ലക്ഷം രൂപാ വകയിരുത്തുന്നു.

ഇലന്തൂർ ഗ്രാമപഞ്ചായത്ത് മാർക്കറ്റിലെ കെട്ടിടങ്ങളുടെ അതി ഗുരുതരമായ അപകടാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ടി കെട്ടിടം അതിനൂതനമായ രീതിയിൽ നവീകരിച്ച് ഗ്രാമപഞ്ചായത്തിലെ ശുചിത്വ പരിപാലന വിഭാഗത്തിന്റെ ഒരു ഓഫീസ് മുറി ഉൾപ്പടെ ഉപയോഗ യോഗ്യമാക്കുന്നതിന് ബാങ്ക് ലോൺ 50 ലക്ഷം രൂപാ ഉൾപ്പടെ ഒരു കോടി രൂപാ വകയിരുത്തുന്നു. ടി നിർമ്മാണത്തിന്റെ അതിവേഗ നടത്തിപ്പിനായി കൂടുതൽ തുക കണ്ടെത്തുന്നതിന് 2022-23 വർഷത്തിൽ തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്.

.

അംഗണവാടികൾക്ക് സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.തെരുവു വിളക്കിന് പുതിയതായി ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കുന്നതിനും, കുടിവെള്ളത്തിനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും ഈ ബജറ്റിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വിഭാഗങ്ങളിലുമായി 50 ലക്ഷം രൂപായുടെ വീട് നിർമ്മാണം, ജലജീവൻ പദ്ധതി, നിലാവ് പദ്ധതി എന്നിവ ഈ ബജറ്റ് ലക്ഷ്യം വയ്ക്കുന്നു.

ബൃഹത്തായ ഒരു കുടിവെള്ള പദ്ധതിയിലേക്ക് പഞ്ചായത്ത് വിഹിതം മാറ്റി വയ്ക്കൽ, ശ്മശാനത്തിനും ആധുനിക അറവുശാലയ്ക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം എന്നിവയും ബജറ്റ് ലക്ഷ്യം വയ്ക്കുന്നുണ്ട്.

കുന്നത്തുചിറ നവീകരണത്തിനായും അനുബന്ധമായി മിനി പാർക്ക് നിർമ്മാണത്തിനായും 10 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.

ഇലന്തൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണത്തിന് 15 ലക്ഷം രൂപാ വകയിരുത്തുന്നു. മാർക്കറ്റ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്നിവയിൽ കൂടി മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും, ഒപ്പം തന്നെ വരുമാന വർദ്ധനവിനും ഊന്നൽ നൽകുന്നു.

മുൻബാക്കി ഉൾപ്പടെ **11,55,05,700** രൂപാ വരവും **11,35,78,000** രൂപാ ചെലവും കണക്കാക്കിയിട്ടുള്ള ബജറ്റിൽ **19,27,700** രൂപായുടെ മിച്ചമാണ് ലഭ്യമായിട്ടുള്ളത്. കാർഷികമേഖല, ക്ഷീരവികസനം,വീട് മെയിന്റനൻസ്, പശ്ചാത്തല സൗകര്യങ്ങൾ, തെരുവു വിളക്ക് പരിപാലനം, പാലിയേറ്റീവ് കെയർ, ഭക്ഷ്യ സുരക്ഷ, മൃഗസംരക്ഷണം, വനിതാ-ശിശു വികസനം, സാമൂഹ്യ സുരക്ഷ, ആസ്തികളുടെ സംരക്ഷണം, കുടിവെള്ള പദ്ധതികൾ, ജലജീവൻ മിഷൻ, നിലാവ് പദ്ധതി, ഘടക സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ, സാറ്റ്ലൈറ്റ് മാപ്പിംഗ് , ബയോഡൈവേഴ്സിറ്റി രജിസ്റ്റർ പുതുക്കൽ, സുഭിക്ഷ കേരളം പദ്ധതി എന്നിവയ്ക്കും ഈ ബജറ്റ് മുന്തിയ പരിഗണന നൽകിയിട്ടുള്ളതാകുന്നു.

സർക്കാർ ബജറ്റ് 2022-23 ലെ വിഹിതമായി അനുബന്ധം 4 പ്രകാരം പദ്ധതി സാധാരണ വിഹിതം (പൊതു വിഭാഗം) 38,19,000 രൂപായും, പ്രത്യേക ഘടക പദ്ധതി 22,79,000 രൂപായും, ജനറൽ പർപ്പസ് ഫണ്ട് 25,60,000 രൂപായും ആണ് അനുവദിച്ചിരിക്കുന്നത്. ടി തുക ആകെ അലോട്ട്മെന്റിൽ നിന്നുള്ള 1/3 തുകയാണെന്ന് സർക്കാർ ബജറ്റ് അനുബന്ധമായി രേഖപ്പെടുത്തിയതിനെ മുഖവിലയ്ക്കെടുത്ത് ടി തുകയുടെ മൂന്നിരട്ടി തുകയെയാണ് പദ്ധതി/ പരമ്പരാഗത ഫണ്ടിൽ വരവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നോൺ റോഡിനത്തിൽ 19,63,000 രൂപായും റോഡിനത്തിൽ54,27,000 രൂപായുമാണ് അനുവദിച്ചിരിക്കുന്നത്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബേസിക് ഗ്രാന്റ് 18,47,000 രൂപായും ടൈഡ് ഫണ്ട് ഇനത്തിൽ 27,71,000 രൂപായുമാണ് അനുവദിച്ചിരിക്കുന്നത്.

| | |
|---|---|
| സാധാരണ വിഹിതം (പൊതു വിഭാഗം) | 1,14,57,000 രൂപാ |
| പ്രത്യേക ഘടക പദ്ധതി | 68,37,000 രൂപാ |
| പട്ടിക വർഗ്ഗ ഉപ പദ്ധതി | 0 രൂപാ |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം | 18,47,000 രൂപാ |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 27,71,000 രൂപാ |
| മെയിന്റനൻസ് ഫണ്ട് റോഡ് | 54,27,000 രൂപാ |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 19,63,000 രൂപാ |
| കേന്ദ്രാവിഷ്കൃത വിഹിതം(എൻ ആർ ഇ ജി എസ്) | 1,67,00,000 രൂപാ |
| ശുചിത്വമിഷൻ, ഹെൽത്ത് ഗ്രാന്റ്, തനത് ഫണ്ട്, പ്രത്യേക ഉദ്ദേശഗ്രാന്റ്, ഗു വി & മറ്റുള്ളവ | 71,50,000 രൂപാ |
| ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് വിഹിതം | 20,00,000 രൂപാ |
| ലൈഫ് ലോൺ / മറ്റു ലോണുകൾ | 50,00,000 രൂപാ |
| **ആകെ പദ്ധതി/ എൻ ആർ ഇ ജി എസ് പ്രതീക്ഷിത വകയിരുത്തൽ** | **6,11,52,000 രൂപാ.** |

## പദ്ധതി / എൻ ആർ ഇ ജി എസ് (റവന്യൂ)

| | | | |
|---|---|---|---|
| ജനറൽ ഉൽപ്പാദന മേഖല (40 ശതമാനം) | – | 73,50,000 | രൂപാ |
| ജനറൽ സേവന മേഖല (ശുചിത്വം ഉൾപ്പടെ) | – | 1,55,15,000 | രൂപാ |
| ജനറൽ പശ്ചാത്തല മേഖല | – | 62,00,000 | രൂപാ |
| പട്ടികജാതി വിഭാഗം സേവനമേഖല | – | 52,88,000 | രൂപാ |
| പട്ടികജാതി വിഭാഗം പശ്ചാത്തല മേഖല | – | 44,97,000 | രൂപാ. |
| മേഖലയ്ക്കു വെളിയിൽ | – | 23,00,000 | രൂപാ. |
| **ആകെ പദ്ധതി വകയിരുത്തലുകൾ** | – | **4,11,50,000** | **രൂപാ.** |

## പദ്ധതി / എൻ ആർ ഇ ജി എസ് ചെലവ് (മൂലധനം)

ഭൂമി, കെട്ടിടം, റോഡ്, കുടിവെള്ളം, വൈദ്യുതി, മാലിന്യസംസ്കരണം,
ജംഗമ വസ്തുക്കൾ – **ആകെ** – **2,38,00,000 രൂപാ.**

## മറ്റ് പ്രധാന ഇനങ്ങൾ

| | | | |
|---|---|---|---|
| സാമൂഹ്യസുരക്ഷാ പെൻഷൻ / വേതനം | – | 3,00,00,000 | രൂപാ |
| നികുതി വരുമാനം | – | 90,00,000 | രൂപാ |
| നികുതിയേതര വരുമാനം | – | 30,15,000 | രൂപാ |
| ജനറൽ പർപ്പസ് ഫണ്ട് | – | 76,80,000 | രൂപാ |

2022-23 വാർഷിക പദ്ധതി അന്തിമാകാത്ത സാഹചര്യത്തിൽ കേരളാ പഞ്ചായത്ത് രാജ് നിയം വകുപ്പ് 175 (1), 214 (1) പ്രകാരം പ്രതീക്ഷിത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ബജറ്റിൽ മേഖലാ തല ഫണ്ട് വിഭജനം നടത്തിയതിനെ അംഗീകരിച്ച്, പ്രതീക്ഷിത വരവ് ചെലവുകൾ പരിശോധിച്ച് ഈ ബജറ്റ് ചർച്ചയ്ക്കും, അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# ഇലന്തൂർ ഗ്രാമപഞ്ചായത്ത് പെർഫോമൻസ് ബജറ്റ്.2022-23

| പദ്ധതിയും പ്രതീക്ഷിക്കുന്ന നേട്ടവും . | | |
|---|---|---|
| **പദ്ധതി** | **തുക** | **പ്രതീക്ഷിക്കുന്ന നേട്ടം** |
| വാഴ വിത്ത് വിതരണം | 250000 | ഭക്ഷ്യ സുരക്ഷ |
| പച്ചക്കറി വിത്ത് വിതരണം (വനിത ഘടക പദ്ധതി) | 250000 | ഭക്ഷ്യ സുരക്ഷയും വനിതാ വികസനവും |
| നെൽകൃഷി | 500000 | ഭക്ഷ്യ സുരക്ഷ |
| വെറ്റിലകൃഷി | 100000 | കാർഷിക വികസനം |
| കിഴങ്ങ് വർഗ്ഗങ്ങളുടെ വിത്ത് വിതരണം | 150000 | ഭക്ഷ്യ സുരക്ഷ |
| പാലിന് സബ്സിഡി | 250000 | ഭക്ഷ്യ സുരക്ഷയും വനിതാ വികസനവും |
| കാലിത്തൊഴുത്ത് നവീകരണം | 500000 | മൃഗസംരക്ഷണം |
| കാലിത്തീറ്റ വിതരണം | 300000 | മൃഗസംരക്ഷണം |
| മുട്ടക്കോഴിയും കൂടും (വനിത ഘടക പദ്ധതി) | 150000 | ഭക്ഷ്യ സുരക്ഷയും വനിതാ വികസനവും |
| അങ്കണവാടി പോഷകാഹാരം | 1275000 | ശിശു വികസനം |
| എസ്.എസ്.എ | 500000 | വിദ്യാഭ്യാസ പരിരക്ഷ |
| ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 850000 | സാമൂഹ്യ സുരക്ഷ |
| ആശ്രയ | 300000 | സാമൂഹ്യ സുരക്ഷ |
| പൈപ്പ് ലൈൻ | 1000000 | കുടിവെള്ളം |
| സ്ക്കൂളുകൾക്കും അങ്കണവാടികൾക്കും സൗകര്യം | 100000 | ശിശു വികസനം |
| തെരുവു വിളക്ക് പരിപാലനം | 500000 | അനിവാര്യ ചുമതല |
| ലൈഫ് ഭവന പദ്ധതി | 5000000 | ദാരിദ്ര ലഘൂകരണം |
| വിവിധ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ | 750000 | ആരോഗ്യമേഖല മെച്ചപ്പെടുത്തൽ. |

# ഇലന്തൂർ ഗ്രാമപഞ്ചായത്ത് ജന്റർ ബജറ്റ് 2022–23.

| പദ്ധതി | തുക | ഗുണഭോക്താക്കൾ | | തുക വകയിരുത്തൽ | | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|---|
| | | സ്ത്രീ | പു | സ്ത്രീ | പു | |
| കാലിത്തീറ്റ സബ്സിഡി | 300000 | 500 | 0 | 300000 | 0 | ഭക്ഷ്യ സുരക്ഷയും വനിതാ വികസനവും |
| പച്ചക്കറി വിത്ത് വിതരണം | 250000 | 250 | 0 | 250000 | 0 | |
| മുട്ടക്കോഴി വളർത്തൽ | 150000 | 200 | 0 | 150000 | 0 | |
| ഷീപാഡ് വിദ്യാർത്ഥിനികൾക്ക് | 100000 | 100 | 0 | 100000 | 0 | സ്ത്രീ ശാക്തീകരണം |
| കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം,പഠന മുറി | 300000 | വിദ്യാർത്ഥികൾ | | 300000 | | ദുർബലവിഭാഗത്തിന് ഉന്നത വിദ്യാഭ്യാസം |
| വാഴകൃഷി | 250000 | 200 | 0 | 250000 | 0 | ഭക്ഷ്യ സുരക്ഷയും വനിതാ വികസനവും |
| കിഴങ്ങ് വർഗ്ഗങ്ങളുടെ വിത്ത് വിതരണം | 150000 | 200 | 0 | 150000 | 0 | |
| ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 850000 | ഭിന്നശേഷിക്കാർ | | 850000 | | സാമൂഹ്യ സുരക്ഷ |
| ആശ്രയ | 300000 | അഗതികൾ | | 300000 | | |
| ലൈഫ് ഭവന പദ്ധതി | 5000000 | 20 | 20 | 2500000 | 2500000 | ദാരിദ്ര ലഘൂകരണം |